**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം-തിരുവനന്തപുരം – സാങ്കേതികവിഭാഗം – കോട്ടയം ജില്ല – ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, ആർപ്പൂക്കര വില്ലേജ് ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം കൺകറൻസ് ` അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീമതി.റിന്റാ മേരി ജോസഫ്, പൊന്മാങ്കൽ ഹൗസ്, തെള്ളകം.പി.ഒ, അതിരമ്പുഴയുടെ 11/04/2024, 30/04/24 എന്നീ തീയതികളിലെ അപേക്ഷകൾ

2. കോട്ടയം ജില്ലാ ടൗൺപ്ലാനറുടെ 09/05/2024 ലെ LSGD/JD/KTM/ 2649/2024-H1 നമ്പർ കത്ത്.

==================================================================

ഏകജാലക കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/19602/2024-TCPA2 തീയതി:03-07-2024

==================================================================

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആർപ്പൂക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 484/12, 484/7 എന്നിവയിൽപ്പെട്ട 977 ച.മീ വിസ്തീർണ്ണമുള്ള വസ്തുവിൽഗ്രൂപ്പ് I (Hazardous) ഒക്കുപ്പൻസി വിഭാഗത്തിൽ പ്പെടുന്ന 306 sq.m വിസ്തൃതിയുള്ള പെട്രോൾ പമ്പ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. .ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 30 പ്രകാരം ജില്ലാ ടൗൺപ്ലാനറുടെ യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അനുമതി ലഭ്യമാക്കേണ്ടതിലേക്കായി പരാമർശം (1) പ്രകാരം ശ്രീമതി.റിന്റാ മേരി ജോസഫ്, പൊന്മാങ്കൽ ഹൗസ്, തെള്ളകം.പി.ഒ, അതിരമ്പുഴ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും . പ്രസ്തുത നിർമ്മാണ സ്ഥലം സൗത്ത് ഓഫ് മെഡിക്കൽ കോളേജ് വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ ആയതിന്റെ സോണിംഗ് റെഗുലേഷൻ പ്രകാരം മുഖ്യനഗരാസൂത്രകന്റെ കൺകറൻസ് അനുമതി ലഭ്യമാക്കുന്നതിലേക്കായി പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ ടൗൺപ്ലാനർ സമർപ്പിച്ചിട്ടുള്ളതും ,ടി നിർമ്മാണ സ്ഥലത്തിൻറെ ചുറ്റുപാടുമുള്ള വികസനങ്ങൾ, പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത, പ്ലോട്ടിന്റെ ഭൗതിക ഘടകങ്ങൾ, ചുറ്റുമുള്ള പ്രദേശത്ത് ഉണ്ടാകാവുന്ന ആഘാതം എന്നിവ പരിഗണിച്ചുള്ള കോട്ടയം ജില്ലാ ടൗൺപ്ലാനറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലും നിർദ്ദിഷ്ട നിർമ്മാണം പ്ലോട്ടിലേക്കോ പുറത്തേക്കോ പ്ലോട്ടിനെ അതിരിടുന്ന റോഡിലെയോ വാഹന ഗതാഗതത്തെ ദോഷകരമായി ബാധിക്കുന്നില്ല എന്നും റോഡിന്റെ ഇരു വശത്തേക്കും ആവശ്യമായ സൈറ്റ് ഡിസ്റ്റൻസ് / കാഴ്ച എന്നിവ ലഭ്യമാണെന്നും

ജില്ലാ ടി പി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും KPBR 2019 ലെ പ്രധാന ചട്ടങ്ങൾ പാലിക്കുന്നതിനാലും സൗത്ത് ഓഫ് മെഡിക്കൽ കോളേജ് വിശദ നഗരാസൂത്രണ പദ്ധതിയുടെ മേഖലാ നിയന്ത്രണങ്ങൾ പാലിച്ച് നിർദ്ദിഷ്ട നിർമ്മാണത്തിന് കൺകറൻസ് അനുമതി നല്കി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ചു ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം Lease Agreement ഉൾപ്പെടെയുള്ള ബന്ധപ്പെട്ട റവന്യു രേഖകൾ പരിശോധിച്ച് പ്ലോട്ടിന്റെ ഉടമസ്ഥത, സർവ്വേ നമ്പരുകൾ, വിസ്തൃതി, അതിരുകൾ, അളവുകൾ,അപേക്ഷകന്റെ ഉടമസ്ഥാവകാശം, നിർമ്മാണവകാശം, തുടങ്ങിയവയും, നിർദിഷ്ട്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
2. DTP Scheme വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.
4. നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
5. സൗത്ത് ഓഫ് മെഡിക്കൽ കോളേജ് വിശദ നഗരാസൂത്രണ പദ്ധതിയുടെ സോണിംഗ് റെഗുലേഷൻ പാലിച്ചുകൊണ്ട് വേണം നിർമ്മാണം നടത്തേണ്ടത് .

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം

Signed by
Famidha Yoosaf M
Date: 03-07-2024 16:55:36

ടൗൺ പ്ലാനർ

(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ജില്ലാ ടൗൺപ്ലാനർ, കോട്ടയം

പകർപ്പ്:-

1. ശ്രീമതി.റിന്റാ മേരി ജോസഫ്, പൊന്മാങ്കൽ, തെള്ളകം.പി.ഒ, അതിരമ്പുഴ, കോട്ടയം
2. സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം